പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# ദേശീയ തൊഴിലുറപ്പു പദ്ധതി - വേതന വർദ്ധന

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1495

21.01.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം.

| | | | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതി പ്രകാരം ജോലിചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് പദ്ധതിയിൻ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ദിവസവേതനം നിർണ്ണയിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. തൊഴിലാളികളുടെ പ്രതിദിന വേതനം സംസ്ഥാനത്ത് നിലവിലുള്ള കർഷക തൊഴിലാളികളുടെ മിനിമം വേതനമായ 200 രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തെക്കാൾ ഉയർന്ന വേതനം മറ്റു സംസ്ഥാനങ്ങളിൽ നൽകുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ മേഖലയിൽ മിനിമം വേതനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് പദ്ധതിയിൻ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ദിവസവേതനം നിർണ്ണയിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. തൊഴിലാളികളുടെ പ്രതിദിന വേതനം സംസ്ഥാനത്ത് നിലവിലുള്ള കർഷക തൊഴിലാളികളുടെ മിനിമം വേതനമായ 200 രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കാർഷിക മേഖലയിലെ ജോലികൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക I പ്രകാരം അനുവദനീയമായ ഇനം പ്രവർത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളു. നിലവിൽ കാർഷിക പ്രവൃത്തികൾ നെഗറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ